നം. ഇ1-10865/12/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
ഫോൺ : 0471-2303107
തീയതി : 31.3.2016.

## സർക്കുലർ

29.2.16 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 60/2016/ഉ.വി.വ. പ്രകാരം സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഓരോ എയ്ഡഡ് കോളേജിനും അനുവദനീയമായ തസ്തിക നിർണ്ണയിക്കുന്നതിന് സ്റ്റാഫ് ഫിക്സേഷൻ അദാലത്ത് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ആയതിലേക്കായി താഴെപ്പറയുന്ന വിവരങ്ങൾ/രേഖകൾ സഹിതം ഓരോ കോളേജിനും അനുവദിക്കപ്പെട്ടിട്ടുള്ള തീയതിയിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ഹാജരാകേണ്ടതാണ്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രൈവറ്റ് എയ്ഡഡ് കോളേജുകൾ **(ഓർഡേഴ്സ്/സർക്കുലർ)** എന്ന ലിങ്കിൽ നിന്നും ആവശ്യമായ വിവരങ്ങളും പ്രൊഫോർമയും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

1) കോളേജിന്റെ പേര് :
2) ആകെ വിദ്യാർത്ഥികളുടെ എണ്ണം :
3) ബിരുദ കോഴ്സുകളുടെ എണ്ണം (ആർട്സ് & സയൻസ്) :
4) ബിരുദാനന്തര കോഴ്സുകളുടെ എണ്ണം (ആർട്സ് & സയൻസ്) :
5) ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ ആകെ എണ്ണം (ആർട്സ് & സയൻസ്) :
6) നിലവിലുള്ള ഗ്രേഡ് :
7) നിലവിലുള്ള ഗ്രേഡിൽ മാറ്റമുണ്ടെങ്കിൽ ആവശ്യപ്പെടുന്ന ഗ്രേഡ് :
8) പ്രാക്ടിക്കൽ ലാബ് ഉള്ള ബിരുദ ബിരുദാനന്തര കോഴ്സുകളുടെ ആകെ എണ്ണം/കോഴ്സിന്റെ പേര് :
9) ബിരുദ/ബിരുദാനന്തരതലത്തിൽ ഇലക്ട്രോണിക്/കമ്പ്യൂട്ടർ വിഷയങ്ങൾ ഐച്ഛികമായോ/ഉപവിഷയമായോ അനുവദിച്ചിട്ടുണ്ടോ?
10) ഫിസിക്സ്/കെമിസ്ട്രി ലാബ് പ്രവർത്തിക്കുന്നുണ്ടോ?
11) ബോട്ടണിയിൽ ബിരുദാനന്തര കോഴ്സ് അനുവദിച്ചിട്ടുണ്ടോ/ഹെർബേറിയം പരിപാലിക്കുന്നുണ്ടോ?
12) കോളേജിന് യു.ജി.സി. ധനസഹായം ലഭിക്കുന്നുണ്ടോ? (ഉണ്ടെങ്കിൽ Account Transaction Statement സമർപ്പിക്കുക. )
13) നിലവിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന് യു.ജി.സി. യോഗ്യതയുണ്ടോ? (യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
14) നിലവിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന്റെ ഗ്രേഡ്?

15) സ്പെസിമെൻ കള്ക്കടർ, ഗ്യാസ് മാൻ, വാച്ച്മാൻ, സ്വീപ്പർ, സ്കാവൻഞ്ചർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിൽ സൂപ്പർന്യൂമററി ആയി ജോലി ചെയ്യുന്നവർ നിലവിലുണ്ടോ?

16) മറ്റു തസ്തികകളിൽ സൂപ്പർന്യൂമററി ആയി ജീവനക്കാർ നിലനിൽക്കുന്നു- ണ്ടെങ്കിൽ തസ്തികയുടെ പേര്, എണ്ണം?

17) മറ്റു തസ്തികകളിൽ സൂപ്പർ ന്യൂമററി ആയി നിലനിൽക്കുന്ന ഒഴിവ് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ?

## പ്രൊഫോർമ 1

### ബിരുദാനന്തര കോഴ്സുകളുടെ വിവരങ്ങൾ

(ഇലക്ട്രോണിക്സ് /കമ്പ്യൂട്ടർ സയൻസ് വിഷയങ്ങൾ ഒഴികെ)

എ. സയൻസ്

| ക്രമ നമ്പർ | വിഷയം | അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം (മാർജിനൽ വർദ്ധനവ് ഒഴികെ) |
|---|---|---|
| | | |

ബി. ആർട്സ്

| ക്രമ നമ്പർ | വിഷയം | അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം (മാർജിനൽ വർദ്ധനവ് ഒഴികെ) |
|---|---|---|
| | | |

## പ്രൊഫോർമ 2

### ബിരുദ കോഴ്സുകളുടെ വിവരങ്ങൾ

(ഇലക്ട്രോണിക്സ് /കമ്പ്യൂട്ടർ സയൻസ് വിഷയങ്ങൾ ഒഴികെ)

എ. സയൻസ്

| ക്രമ നമ്പർ | വിഷയം | | കുട്ടികളുടെ എണ്ണം |
|---|---|---|---|
| | Main | Subsidiary | |
| | | | |

044887 GOVERNMENT OF KERALA 2015 -16

.................................................................... (കോളേജിന്റെ പേര്) കോളേജുമായി ബന്ധപ്പെട്ട് മേൽപ്രസ്താവിച്ച എല്ലാ വിവരങ്ങളും പൂർണ്ണമായും ശരിയാണെന്നും, അവ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ടെന്നും, സ്വാശ്രയ കോഴ്സുകളുടെ വിവരം ഈ പ്രൊഫോർമയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി ഓഫീസ് സീൽ മാനേജർ

**<u>ഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>**

1. നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ പകർപ്പ്

2. 1.11.2013-നുശേഷം അനുവദിച്ചിട്ടുള്ള എയ്ഡഡ് കോഴ്സുകളുടെ വിവരങ്ങൾ
   എ) കോഴ്സ് അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ്
   ബി) യൂണിവേഴ്സിറ്റിയിൽ നിന്ന് അംഗീകാരം ലഭിച്ച ഉത്തരവിന്റെ പകർപ്പ്.

3. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ മേലൊപ്പോടുകൂടിയ ജനുവരി/ഫെബ്രുവരി മാസങ്ങളിലെ ശമ്പളബില്ലിന്റെ പകർപ്പ്.

4. നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് (കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മാതൃകയിൻപ്രകാരമുള്ളത്.)

5. നിലവിലുള്ള സ്റ്റാഫ് ലിസ്റ്റ് (നിയമനം/സ്ഥാനക്കയറ്റം അംഗീകാരം ലഭിക്കാത്തവരുടെ വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്)

6. അനുവദിക്കപ്പെട്ട പുതിയ കോഴ്സുകളുടെയും കുട്ടികളുടെ വിവരം യൂണിവേഴ്സിറ്റി നൽകിയ ഉത്തരവിന്റെ പകർപ്പ്.

7. 2015-16 അധ്യയനവർഷത്തിൽ യൂണിവേഴ്സിറ്റിയിലേക്ക് enroll ചെയ്ത കുട്ടികളുടെ ലിസ്റ്റ്

04488

താഴെപ്പറയുന്ന തീയതികളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളുമായി കോളേജധികൃതർ തിരുവനന്തപുരം വിമൻസ് കോളേജിൽ എത്തിച്ചേരേണ്ടതാണ്.

| | | |
|---|---|---|
| 15.04.2016 | കേരള യൂണിവേഴ്സിറ്റി | C, D, E കോളേജുകൾ |
| 16.04.2016 | | A B കോളേജുകൾ |
| 18.04.2016 | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി | C, D, E കോളേജുകൾ |
| 19.04.2016 | | A B കോളേജുകൾ |
| 20.04.2016 | കോഴിക്കോട് യൂണിവേഴ്സിറ്റി | C, D, E കോളേജുകൾ |
| 21.04.2016 | | A B കോളേജുകൾ |
| 22.04.2016 | കണ്ണൂർ യൂണിവേഴ്സിറ്റി | C, D, E കോളേജുകൾ |
| 23.04.2016 | | A B കോളേജുകൾ |

ഒപ്പ്/-
എം. നന്ദകുമാർ ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

ടി.പി. 30.3.16